5084
9/3/18

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം-വന്യജീവി വകുപ്പ്-പാലക്കാട്ടു ഡിവിഷൻ -കരടിച്ചോല നിക്ഷിപ്ത വനഭൂമിയിൽ നിന്നും വീട്ടിത്തടി കടത്തൽ- റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.കെ.കെ.സാബുവിനെതിരെ ഔപചാരികാന്വേഷണം - അന്വേഷണ ഉദ്യോഗസ്ഥരെ നിയമിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

G.O.(Rt)No. 70/2018/F&WLD തീയതി,തിരുവനന്തപുരം, 07/02/2018

---

പരാമർശം:- 1) 23.08.2014 ലെ വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ വിഇ4-27469/2014 നമ്പർ കത്ത്

2) 27.10.2014 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി5-38426/2014 നമ്പർ കത്ത്.

3) 23.04.2015 ലെ സ.ഉ.(സാധാ) നം.173/2015/വനം ഉത്തരവ്

4) 15.10.2015 ലെ 10945/എ2/2014/വനം കുറ്റപത്രവും കുറ്റാരോപണ പത്രികയും

5) 08.12.2015 തീയതിയായി ശ്രീ.കെ.കെ.സാബു ,റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പ്രതിവാദ പത്രിക.

6) 21.12.2017 ലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി5-38426/2014 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ഡിവിഷനിലെ വാളയാർ റെയിഞ്ചിലെ കരടിച്ചോല

നിക്ഷിപ്ത വനഭൂമിയിൽ നിന്നും, ശ്രീ.പ്രേമകുമാരൻ, അരങ്ങോട്ട് കുളമ്പ്, കൊട്ടക്കാട് എന്നയാൾക്ക് 18 കഷണം വീട്ടിത്തടി ചാലക്കുടിയിലേയ്ക്ക് കടത്തുന്നതിനുള്ള അനുമതിയ്ക്കായി പ്രതിജ്ഞാപത്രം സമർപ്പിച്ച വേളയിൽ, മുൻകൂർ പ്രതിജ്ഞാപത്രം സമർപ്പിക്കാതെ വീട്ടിമരം മുറിച്ച് കഷണങ്ങളാക്കിയതിന് കേരള പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ഏരിയാ ആക്റ്റ് 2005 സെക്ഷൻ 6(5) പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിക്കുന്നതിനു പകരം വാളയാർ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.കെ.കെ.സാബുവും പാലക്കാട് ഡിവിഷണൽ സർവ്വേയർ ശ്രീ.എസ്.പ്രദീപ്കുമാറും അകമലവാരം സെക്ഷൻ ഫോറസ്റ്റ് ഓഫീസർ ശ്രീ.കെ.രാധാകൃഷ്ണനും ചട്ടവിരുദ്ധമായി പ്രവർത്തിച്ചു എന്നും ആയതിനാൽ ടിയാന്മാരെ സർവ്വീസിൽ നിന്നും മാറ്റി നിർത്തി കർശനമായ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (1) പ്രകാരം ശുപാർശ ചെയ്തു.

2) ടി ശുപാർശയിൽ പരാമർശം (2) പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭിപ്രായം ലഭ്യമാക്കി.തുടർന്ന് പരാമർശം (3) പ്രകാരം ശ്രീ.കെ.കെ.സാബു,റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. ടിയാനു 1960ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകുകയുണ്ടായി.

3) പരാമർശം (4) പ്രകാരമുള്ള കുറ്റപത്രത്തിൽ ടിയാനെതിരെയുള്ള കുറ്റങ്ങൾ താഴെപ്പറയുന്നവയാണ്.

i) നിക്ഷിപ്ത വനഭൂമിയിൽ നിന്നും മുറിച്ച വീട്ടിമരം കഷണങ്ങളായി കടത്തുന്നതിന് അനുമതിയ്ക്കായി സമർപ്പിച്ച അപേക്ഷയിന്മേൽ ശരിയായ അന്വേഷണം നടത്താതെ തിടുക്കത്തിൽ അനുമതിനൽകി.

ii)മരം മുറിച്ച് കൊണ്ടുപോകുന്നതിനാ. അപേക്ഷ സമർപ്പിച്ചയാളിന്റെ ഭൂമിയുടെ അതിർത്തിയിൽ വനഭൂമിയായിട്ടുകൂടി, ആയത് സംബന്ധിച്ച വില്ലേജ് സ്കെച്ച് സർവ്വേക്കല്ലുകൾ എന്നിവ പരിശോധിച്ച് മരംമുറി നടന്ന സ്ഥലം വനഭൂമിയാണോയെന്ന് തീർച്ചപ്പെടുത്തുന്നതിൽ വീഴ്ച വരുത്തി.

iii)ക്രമക്കേടുകൾ അന്വേഷിക്കാൻ എത്തിയ ഫ്ലൈയിംഗ് സ്ക്വാഡ് വിഭാഗത്തിന് ബന്ധപ്പെട്ട ഫയലുകളും രേഖകളും നൽകാൻ വിസമ്മതിച്ചു.

iv)വീഴ്ചകളെ മറച്ചു വയ്ക്കുന്നതിനും, ആയത് സംബന്ധിച്ച് അന്വേഷണം നടത്തിയ ഉദ്യോഗസ്ഥരെ തെറ്റിദ്ധരിപ്പിക്കുന്നതിനുമായി രേഖകളിലും, വനാതിർത്തിയിലും കൃത്രിമങ്ങൾ നടത്തി.

v)വനഭൂമിയിൽ നിന്നും മുറിച്ച വീട്ടിമരം നിന്നിരുന്നത് സ്വകാര്യ ഭൂമിയിലാണെന്ന് വരുത്തിത്തീർക്കാൻ ടിയാൻ പാലക്കാട് ഡിവിഷനിലെ സർവ്വേയർ ശ്രീ.എസ്.പ്രദീപ് കുമാറിന്റെ സഹായത്തോടെ ബോധപൂർവ്വം അതിർത്തി അടയാളം മാറ്റി.

vi)ഫ്ലയിങ് സ്ക്വാഡ് വിഭാഗം കേസ് രജിസ്റ്റർ ചെയ്തതിനു ശേഷം ടിയാന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ച മറച്ച് വയ്ക്കുന്നതിനു വേണ്ടി തടി കടത്തുന്നതിനുള്ള അനുമതി റദ്ദ് ചെയ്തു

ഉത്തരവ് മുൻതീയതി വച്ച് ശ്രീ.കെ.കെ.സാബു കൃത്രിമമായി തയ്യാറാക്കി.

vii) സർക്കാർ ഉദ്യോഗസ്ഥൻഎന്ന നിലയിൽ മനഃപൂർവ്വമായ കൃത്യവിലോപവും അധികാര ദുർവിനിയോഗവും, ക്രിമിനൽക്കുറ്റവും, സർക്കാർ താൽപ്പര്യത്തിനി വിരുദ്ധവും അതോടൊപ്പം സർക്കാർ നഷ്ടത്തിന് ഇട വരുത്തുകയും ചെയ്തു.

4) കുറ്റപത്രത്തിന് ശ്രീ.കെ.കെ.സാബു, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ പരമാർശം (5) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ എല്ലാ കുറ്റങ്ങളും നിഷേധിച്ചിട്ടുണ്ട്. പ്രതിവാദ പത്രികയിലെ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ, 1960ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ടിയാനെതിരെ കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനും ടിയാന്റെ നിപരാധിത്വം ബോധിപ്പിക്കുന്നതിനുമായി ഔപചാരികാന്വേഷണം നടത്തുന്നതിന് സർക്കാർ തീരുമാനിക്കുകയും അന്വേഷണാധികാരിയെ നിശ്ചയിക്കുന്നതിന് ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് പരാമർശം (6)പ്രകാരം ശുപാർശ സമർപ്പിക്കുകയും ചെയ്തു.

5) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 1960ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.കെ.കെ.സാബുവിനെതിരെ ഔപചാരികാന്വേഷണം നടത്തുന്നതിനു അന്വേഷണാധികാരിയായി പാലക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറായ ശ്രീ.നരേന്ദ്രനാഥ് വേലൂരി ഐ.എഫ്.എസിനെയും, പ്രസന്റിംഗ് ഓഫീസറായി ഒലവക്കോട്

റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായ ശ്രീ.കെ.രാകേഷിനെയും നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണാധികാരി മൂന്ന് മാസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
NAZARUDEEN A
UNDER SECRETARY

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്(ഭരണം)
ശ്രീ.നരേന്ദ്രനാഥ് വേലൂരി ,ഐ.എഫ്.എസ് .
ശ്രീ.കെ.രാകേഷ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
ശ്രീ.കെ.കെ.സാബു, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ
[അഡീഷണൽപ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന]
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സാങ്കേതിക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ